**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1261** **07-12-2022 - ൽ മറുപടിയ്ക്ക്**

**പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ പ്രവർത്തിക്കുന്ന പാൽ ഉൽപാദകരായ കർഷകരിൽ നിന്നും സഹകരണ സംഘങ്ങളിൽ നിന്നും "മിൽമ" പാൽസംഭരണം നടത്തുന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | 2022 –ലെ കണക്കനുസരിച്ച് 3076 ക്ഷീര സംഘങ്ങൾ മിൽമയിലെ മൂന്ന് മേഖലാ യൂണിയനുകളുമായി ബന്ധപ്പെട്ട് അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്നു. മിക്ക ക്ഷീരസംഘങ്ങളും കർഷകരിൽ നിന്നും സംഭരിക്കുന്ന പാലിന്റെ ഒരു അളവ് പ്രാദേശിക വിൽപ്പന നടത്തിയ ശേഷം ബാക്കിയുള്ളതാണ് മിൽമയ്ക്ക് നൽകുന്നത്. 2022 ഒക്ടോബർ മാസത്തെ കണക്കനുസരിച്ച് മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ സംഘങ്ങൾ വഴി പ്രതിദിനം ശരാശരി 13.52 ലക്ഷം ലിറ്റർ പാൽ സംഭരിക്കുന്നു. നിലവിൽ ക്ഷീരകർഷകർ നൽകുന്ന മുഴുവൻ പാലും സംസ്ഥാനത്ത് മിൽമ ശേഖരിച്ച് വരുന്നുണ്ട്. ഏകദേശം 1.97 ലക്ഷം കർഷകർ ക്ഷീരസഹകരണ സംഘങ്ങളിൽ (മിൽമ) 2 നേരങ്ങളിലായി പാൽ നൽകി വരുന്നു. ഏകദേശം 2900 കോടി രൂപ പ്രതിവർഷം പാൽ വിലയായി കർഷകർക്ക് നൽകി വരുന്നുണ്ട്. സംഘത്തിൽ അളക്കുന്ന പാലിന്റെ ഗുണനിലവാരത്തിന് അനുസൃതമായാണ് (2 Axis Pricing Chart പ്രകാരം) കർഷകർക്ക് പാൽ വില നൽകുന്നത്. |
| (ബി) | സംസ്ഥാനത്ത് ആവശ്യമായ പാലിന്റെ ലഭ്യത ഉറപ്പുവരുത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (ബി) | മിൽമയുടെ മേഖലയൂണിയനുകൾ സംഘങ്ങളിൽ നിന്നും 2022 ഒക്ടോബർ മാസത്തെ കണക്ക് അനുസരിച്ച് പ്രതിദിനം ശരാശരി 13.52 ലക്ഷം ലിറ്റർ പാൽ സംഭരിക്കുന്നുണ്ട്. മിക്ക ക്ഷീര സംഘങ്ങളും കർഷകരിൽ നിന്നും സംഭരിക്കുന്ന പാലിൻറെ ഒരു ഭാഗം പ്രാദേശിക വിൽപ്പന നടത്തിയ ശേഷമുള്ള ബാക്കിയാണ് ഡയറികളിലേക്ക് എത്തിക്കുന്നത്. മിൽമയുടെ പ്രതിദിന വിൽപ്പന ശരാശരി 16 ലക്ഷത്തോളം ലിറ്റർ പാലാണ്. ഇതു കൂടാതെ 2 ലക്ഷത്തോളം ലിറ്റർ പാൽ ഉത്പ്പന്നങ്ങളാക്കുകയും ചെയ്യുന്നു. രാജ്യമൊട്ടുക്കും പാലിൻറെ ഉത്പാദന അളവ് |

| | | | |
|---|---|---|---|
| | | | ഗണ്യമായി കുറഞ്ഞ സാഹചര്യമാണ് ഉണ്ടായത്. മിൽമയുടെ വിപണി നിലനിർത്തുന്നതിനായി അധികമായി ആവശ്യമായിവരുന്ന പാൽ അയൽ സംസ്ഥാന ഫെഡറേഷനുകളിൽ നിന്ന് വാങ്ങുകയാണ് ചെയ്യുന്നത്. |
| (സി) | കേരളത്തിലെ പാൽ ഉൽപാദകരായ കർഷകർക്കും കർഷക സംഘങ്ങൾക്കും വേണ്ടി നടപ്പിലാക്കിവരുന്ന ക്ഷേമ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) | കേരളത്തിലെ ക്ഷീരകർഷകർക്ക് സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീര കർഷകർക്ക് പെൻഷൻ, കുടുംബപെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം മരണാനന്തര ധനസഹായം, തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. |
| (ഡി) | സംസ്ഥാനത്ത് ലഭിക്കുന്ന പാലും പാലുൽപന്നങ്ങളും ഗുണനിലവാരം പുലർത്തുന്നവയാണെന്ന് പരിശോധിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (ഡി) | സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് 14 ജില്ലകളിലും വിറ്റഴിക്കുന്ന പാലിന്റെ സാമ്പിൾ ശേഖരിച്ച് അതാതു ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധന നടത്തുന്നുണ്ട്. സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളായ മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല എന്നിവിടങ്ങളിൽ പാലും പാലുല്പന്നങ്ങളും പരിശോധിക്കുന്നതിന് വേണ്ടി സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിശേഷ ദിവസങ്ങളിൽ സംസ്ഥാനത്തിന് പുറത്ത് നിന്നും വരുന്ന പാലിന്റെയും പാലുല്പന്നത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനായി താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സംസ്ഥാന അതിർത്തിയിൽ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കാറുണ്ട്. മറ്റ് വിശദമായ പരിശോധന ആവശ്യമുള്ള പക്ഷം കാസർഗോഡ്, പാലക്കാട്,കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബിലേക്കും തിരുവനന്തപുരത്തു പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലാബിലേക്കും സാമ്പിൾ ലഭ്യമാക്കാറുണ്ട്.<br><br>ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്നതുൾപ്പെടെയുള്ള സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റേയും പാലുൽപ്പന്നങ്ങളുടേയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തി വരുന്നുണ്ട്. ഓണം പോലുള്ള ഉത്സവ വേളകളിൽ ക്ഷീരവികസന വകുപ്പുമായി ചേർന്ന് ചെക്ക് പോസ്റ്റുകളിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും |

| | | | |
|---|---|---|---|
| | | | കൊണ്ട് വരുന്ന പാൽ പരിശോധിച്ച് നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഇ) | ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തിച്ചേരുന്ന പാൽ ഗുണനിലവാരം കുറഞ്ഞതും മായം കലർന്നതും ആണെന്ന് പരിശോധനകളിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത പാലും പാലുൽപന്നങ്ങളും ഗുണനിലവാരം ഉള്ളതും ശുദ്ധവും ആണെന്ന് പരിശോധിച്ച് ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ഇ) | ഉണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തിച്ചേരുന്ന പാലും പാലുൽപ്പന്നങ്ങളും അതിർത്തി ചെക്ക് പോസ്റ്റുകളിലും മാർക്കറ്റുകളിലും ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധനകൾ നടത്തി സാമ്പിൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലബോറട്ടറികളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നു.<br><br>ഇത്തരം പരിശോധനകളിൽ ഗുണനിലവാരം കുറഞ്ഞതോ, ആരോഗ്യത്തിന് ഹാനികരമായതോ ആയ പാലോ, പാലുൽപ്പന്നങ്ങളോ വിതരണം ചെയ്യുന്ന കമ്പനികൾക്കും വിൽപ്പനക്കാർക്കുമെതിരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം അനുസരിച്ചുള്ള നിയമ നടപടികൾ സ്വീകരിച്ച് വരുന്നു. ഇത്തരം പാലും പാലുൽപ്പന്നങ്ങളും വിപണിയിൽ ഇല്ലായെന്ന് ഉറപ്പാക്കുന്നതിനാവശ്യമായ പരിശോധന ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തുന്നു. ഇതു കൂടാതെ ഉത്സവ സീസണുകളിൽ കൂടുതലായി പാലുകൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന സാഹചര്യത്തിൽ ക്ഷീരവികസന വകുപ്പുമായി ചേർന്ന് ചെക്ക് പോസ്റ്റുകളിൽ സംയുക്ത പരിശോധനയും നടത്തുന്നുണ്ട്.<br><br>2020 ഏപ്രിൽ മുതൽ 2022 നവംബർ വരെ അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവന്ന് സംസ്ഥാനത്ത് വിൽപ്പന നടത്തുന്നതുൾപ്പെടെയുള്ള പാലും പാലുൽപ്പന്നങ്ങളുടെയും 8117 പരിശോധനകൾ നടത്തുകയും 1115 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ലാബ് പരിശോധനകൾ നടത്തിയതിൽ 40 സാമ്പിളുകൾ Unsafe ആയും 61 സാമ്പിളുകൾ Substandard ആയും പരിശോധനാഫലം ലഭിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിൽ 26 പ്രോസിക്യൂഷൻ കേസുകളും, 52 അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. മറ്റ് കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (എഫ്) | എങ്കിൽ അവ നിരോധിക്കുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും അവലംബിച്ചിട്ടുള്ള മാർഗങ്ങൾ വ്യക്തമാക്കാമോ? | (എഫ്) | 2020 ഏപ്രിൽ മുതൽ 2022 നവംബർ വരെ അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവന്ന് സംസ്ഥാനത്ത് വിൽപ്പന നടത്തുന്നതുൾപ്പെടെയുള്ള പാലും പാലുൽപ്പന്നങ്ങളുടെയും 8117 പരിശോധനകൾ നടത്തുകയും 1115 സ്റ്റാറ്റ്യൂട്ടറി |

| | | | |
|---|---|---|---|
| | | | സാമ്പിളുകൾ ശേഖരിച്ച് ലാബ് പരിശോധനകൾ നടത്തിയതിൽ 40 സാമ്പിളുകൾ Unsafe ആയും 61 സാമ്പിളുകൾ Substandard ആയും പരിശോധനാഫലം ലഭിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിൽ 26 പ്രോസിക്യൂഷൻ കേസുകളും, 52 അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. മറ്റ് കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ